**പതിനാലാം കേരള നിയമസഭ**
**നാലാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത**
**നിയമസഭാ ചോദ്യം നം.1442** — **02/03/2017 ൽ മറുപടിയ്ക്ക്**

**ആഭ്യന്തര കശുവണ്ടിയുടെ സംഭരണം**

**ചോദ്യം**
**ശ്രീ.ആർ.രാമചന്ദ്രൻ**

**ഉത്തരം**
**ശ്രീമതി.ജെ.മെഴ്സിക്കുട്ടി അമ്മ**
**(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി)**

| | | | |
|---|---|---|---|
| (എ) | സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷനും കാപെക്സും ആഭ്യന്തര കശുവണ്ടിയുടെ സംഭരണം ആരംഭി ച്ചിട്ടുണ്ടോ ; 2017 ജനുവരി 31 വരെ എത്ര മെട്രിക് ടൺ കശുവണ്ടി സംഭരിക്കുവാൻ കഴിഞ്ഞുവെന്ന് വ്യക്തമാക്കുമോ ; | (എ) | ഉണ്ട്. 2017 ജനുവരി 31 വരെ കശുവണ്ടി സംഭരിച്ചിട്ടില്ല. |
| (ബി) | കശുവണ്ടി സംഭരണത്തിനായി സംസ്ഥാന ഗവൺമെന്റും കശുവണ്ടി വികസന കോർപ്പറേഷനും എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദീകരിക്കുമോ ; | (ബി) | തോട്ടണ്ടിയുടെ ദൗർലഭ്യം പരിഹരിക്കു ന്നതിനായി കേരളത്തിലുല്പാദിപ്പിക്കുന്ന കശുവണ്ടി സംഭരിക്കുന്നതിന്റെ ഭാഗമായി കൃഷി വകുപ്പ്, പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ്, പ്ലാന്റേഷൻ കോർപ്പറേഷൻ എന്നിവയുടെ കീഴിലുള്ള വിവിധ ഫാമുകളിൽ ഉല്പാദിപ്പിക്കുന്ന നാടൻ തോട്ടണ്ടി സംഭരിക്കുന്നതിനുള്ള ക്രമീകരണങ്ങൾ കോർപ്പറേഷനും കാപെക്സും സംയുക്തമായി ഏറ്റെടു ത്തിട്ടുള്ളതും ഇപ്രകാരം ആറളം ഫാമിൽ നിന്നുള്ള തോട്ടണ്ടി കോർപ്പറേഷനിൽ ലഭ്യമായി തുടങ്ങിയിട്ടുള്ളതുമാണ്. ആഭ്യന്തരമായി ഉല്പാദിപ്പിക്കുന്ന കശുവണ്ടി പരമാവധി സംഭരിച്ച് തൊഴിലാളികൾക്ക് ജോലി നൽകുന്നതിനുള്ള ശ്രമങ്ങൾ നടന്നു വരുന്നു. കൂടാതെ വിദേശ രാജ്യങ്ങളിൽ നിന്നും ഇ-ടെണ്ടർ മുഖേന തോട്ടണ്ടി ഇറക്കുമതി ചെയ്ത് തൊഴിലാളികൾക്ക് പരമാവധി തൊഴിൽ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (സി) | കശുവണ്ടി സംസ്ഥാനാതിർത്തി കടന്ന് പോകുന്നത് തടയുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചുയെന്ന് വ്യക്തമാക്കുമോ ? | (സി) | കാഷ്യൂ കോർപ്പറേഷനും കാപ്പക്സും പ്ലാന്റേഷൻ കോർപ്പറേഷനിൽ നിന്നും ആറളംഫാമിൽ നിന്നും ശേഖരിക്കുന്ന കശുവണ്ടി സംസ്ഥാനാതിർത്തി കടന്നു പോകുന്നത് തടയുന്നതിന് വില്പന നികുതി വകുപ്പിന്റെയും മോട്ടോർവാഹന വകുപ്പിന്റെയും പോലീസിന്റെയും സഹകരണത്തോടുകൂടി നടപടികളെടുക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ